# അദാനി ആദ്യം വിഴിഞ്ഞം തകർത്തു, ഇപ്പോൾ മുതലപ്പൊഴിയും

**നിഖിൽ വർഗീസ്**

അദാനി ഗ്രൂപ്പ് എന്ന കോർപ്പറേറ്റ് വ്യവസായ ഭീമൻ ലോകമെമ്പാടും കാടും കടലും അടക്കം ഭൂമിയിലെ ജൈവ സമ്പന്നമായ മേഖലകളെല്ലാം കയ്യേറിക്കൊണ്ടിരിക്കുന്നതിനെക്കുറിച്ച് നിരന്തരം വാർത്തകൾ വന്നുകൊണ്ടിരിക്കുകയാണല്ലോ. പരിസ്ഥിതിയേയും തദ്ദേശീയ ജനതയേയും തകർത്തെറിയുന്ന അദാനി ഗ്രൂപ്പിന്റെ കയ്യേറ്റങ്ങളുടെ പട്ടികയിലേക്ക് ഇന്ത്യയുടെ തെക്കേ അറ്റത്തുള്ള വിഴിഞ്ഞവും സമീപ തീരദേശങ്ങളും എത്തിച്ചേർന്നതോടെ കോർപ്പറേറ്റുകളുടെ ഗൂഢനീക്കങ്ങൾ നമുക്ക് കുറച്ചുകൂടി വ്യക്തമായിരിക്കുകയാണ്. അദാനി ഗ്രൂപ്പിന്റെ നേതൃത്വത്തിലുള്ള സ്വകാര്യ തുറമുഖം വിഴിഞ്ഞത്താണെങ്കിലും വരുന്നതെങ്കിലും തിരുവനന്തപുരം ജില്ലയുടെ ഭാഗമായി വരുന്ന തീരദേശ ഗ്രാമങ്ങളെ ഒന്നടങ്കം പ്രതിസന്ധികളിലേക്ക് തള്ളിവിടുകയാണ് അദാനി പോർട്ടിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ. വിഴിഞ്ഞത്തിന്റെ പേരിൽ തിരുവനന്തപുരം ജില്ലയുടെ വടക്ക് ഭാഗത്തുള്ള മുതലപ്പൊഴി എന്ന സ്ഥലത്തും കേരള സർക്കാരിന്റെ എല്ലാവിധ പിന്തുണയോടും കൂടി അദാനി മറ്റൊരു കടൽത്തീര കയ്യേറ്റം നടത്തിക്കൊണ്ടിരിക്കുകയാണ്.

വിഴിഞ്ഞം തുറമുഖത്തിന്റെ നിർമ്മാണത്തിനാവശ്യമായ കരിങ്കല്ലുകൾ പശ്ചിമഘട്ടം തുരന്ന് വിഴിഞ്ഞത്തേക്ക് കൊണ്ടുപോകുന്നതിനുള്ള സുഗമമായ മാർഗ്ഗം തേടിയാണ് അദാനി ഗ്രൂപ്പ് മുതലപ്പൊഴിയിലേക്ക് എത്തുന്നത്. ക്വാറികളിൽ നിന്നും കരിങ്കല്ല് റോഡ് മാർഗ്ഗം മുതലപ്പൊഴിയിൽ എത്തിച്ച് അവിടെ നിന്നും കടൽമാർഗ്ഗം തുറമുഖ നിർമ്മാണം നടക്കുന്ന വിഴിഞ്ഞത്തേക്ക് എത്തിക്കുന്നതിനായാണ് അദാനി ഗ്രൂപ്പ് വാർഫ് (ജെട്ടി) നിർമ്മിക്കുന്നത്. 2018 ഏപ്രിൽ മൂന്നിന് ആണ് ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റും അദാനി പോർട്ട്സും തമ്മിൽ ധാരണാപത്രം ഒപ്പുവയ്ക്കുന്നത്. മുതലപ്പൊഴി ഹാർബറിൽ നിന്നും കടലിലേക്ക് ഇറങ്ങുന്ന അപ്രോച്ച് ചാനലിൽ അടിഞ്ഞുകിടക്കുന്ന കല്ലുകളും മണലും നീക്കം ചെയ്യാമെന്നും ആഴം കൂട്ടാമെന്നും കരാറിലുണ്ടായിരുന്നു. ഇതിന് പകരമായാണ് കൊല്ലം, പത്തനംതിട്ട, തിരുവനന്തപുരം ജില്ലകളിലെ 21 ക്വാറികളിൽ നിന്നും റോഡ് മാർഗ്ഗം എത്തിക്കുന്ന കല്ലുകൾ സംഭരിച്ചുവയ്ക്കാൻ സ്റ്റോക് യാർഡും അവ കയറ്റിക്കൊണ്ടു പോകാൻ ബാർജ് അടുപ്പിക്കാൻ വാർഫും പണിയാൻ തീരുമാനമാകുന്നത്. മൂന്ന് വർഷത്തെ ഈ കരാറിന്റെ ഭാഗമായി മുതലപ്പൊഴി ഫിഷിംഗ് ഹാർബറിന്റെ ആഴം മൂന്ന് മുതൽ അഞ്ച് മീറ്റർ വരെ ആയി നിലനിർത്തുമെന്നും പുലിമുട്ടിൽ നിന്നും ചാനലിലേക്ക് വീണ കല്ലുകൾ നീക്കം ചെയ്യുമെന്നും അദാനി ഗ്രൂപ്പ് ഉറപ്പ് നൽകിയിരുന്നു. മുതലപ്പൊഴിയിലെ പുലിമുട്ടിന്റെ പരിമിതികൾ കാരണം നിരവധി മത്സ്യത്തൊഴിലാളികൾ മരണപ്പെടുന്നതിനാൽ ഈ വാഗ്ദാനം പ്രദേശവാസികളെ പദ്ധതിക്ക് അനുകൂലമായ നിലപാടെടുക്കാൻ പ്രേരിപ്പിച്ചു. എന്നാൽ നിർമ്മാണം തുടങ്ങിയ ഉടൻ അദാനി ഗ്രൂപ്പ് അദാനി ഗ്രൂപ്പ് നിലവിലുണ്ടായിരുന്ന പുലിമുട്ട് വാർഫ് നിർമ്മാണത്തിനായി പൊട്ടിച്ചത് സ്ഥിതിഗതികൾ രൂക്ഷമാക്കുകയാണുണ്ടായത്. പുലിമുട്ടിൽ നിന്നും അടർന്നുവീണ കരിങ്കല്ലുകൾ നീക്കം ചെയ്യാത്തതും അപകടങ്ങൾ പതിവാകുന്നതിന് കാരണമായിത്തീർന്നു. 2004ൽ ആണ് ഹാർബർ നിർമ്മിക്കുന്നതിന്റെ ഭാഗമായി മുതലപ്പൊഴിയിൽ പുലിമുട്ട് ഇടുന്നത്. പുലിമുട്ട് നിർമ്മാണം അഴിമതി നിറഞ്ഞതും അശാസ്ത്രീയവുമാണെന്ന് പ്രദേശവാസികൾ സാക്ഷ്യപ്പെടുത്തുന്നു. പുലിമുട്ട് വന്ന മുതൽ വടക്കുഭാഗത്തുള്ള താഴെമ്പള്ളി, അഞ്ചുതെങ്ങ്, പൂന്തുറ പ്രദേശങ്ങളിൽ തീരശോഷണം പതിവായിത്തീർന്നു. തെക്കുഭാഗത്തുള്ള പെരുമാറതുറ ഭാഗത്ത് തീരം വയ്ക്കലും നടക്കുന്നു. കടലിന് ലംബമായി പുലിമുട്ടുകൾ നിർമ്മിച്ചാൽ വടക്ക് ഭാഗത്ത് തീരശോഷണവും തെക്ക് ഭാഗത്ത് തീരംവയ്ക്കലും നടക്കുമെന്ന് സർക്കാരിന്റേതടക്കമുള്ള വിവിധ സ്ഥാപനങ്ങൾ നടത്തിയ പഠനങ്ങൾ സൂചിപ്പിക്കുന്നുണ്ട്. ഇത്തരത്തിൽ പുതിയതായി രൂപംകൊണ്ട തീരമാണ് പെരുമാതുറയിലെ ഗോൾഡൻ ബീച്ച്.

പുലിമുട്ടിന്റെ വടക്ക് ഭാഗത്തെ തീരശോഷണം പരിഹരിക്കുന്നതിനായി പൂനെയിലെ സെൻട്രൽ വാട്ടർ ആന്റ് പവർ റിസർച്ച് സ്റ്റേഷനെ സർക്കാർ നിയോഗിച്ചിരുന്നു. പുലിമുട്ടിന്റെ തെക്ക് ഭാഗത്ത് നിന്നും സാൻഡ് ബൈപ്പാസിംഗ് എന്ന പ്രക്രിയ വഴി വടക്ക് ഭാഗത്തേക്ക് മണൽ പമ്പ് ചെയ്യുക എന്ന നിർദ്ദേശമാണ് ഈ സ്ഥാപനം മുന്നോട്ടുവച്ചത്. ഈ പ്രക്രിയ നടപ്പിലാക്കേണ്ട സ്ഥലത്താണ് അദാനിയുടെ വാർഫ് നിർമ്മാണം പുരോഗമിക്കുന്നത്. സമീപപ്രദേശങ്ങളിലെ തീരശോഷണം പരിഹരിക്കുന്നതിനുള്ള ഒരു നടപടിയും അദാനി ഇതുവരെ കൈക്കൊണ്ടിട്ടില്ല. കഴിഞ്ഞ ജൂലായിൽ ഗോൾഡൻ ബീച്ചിലുണ്ടായ ശക്തമായ കടൽക്ഷോഭത്തിന്റെ കാരണം അദാനി വാർഫ് നിർമ്മിക്കുന്നതിന്റെ ഭാഗമായി പുലിമുട്ട് പൊട്ടിച്ചതാണെന്ന് തീരപരിസ്ഥിതി വിദഗ്ധൻ ആയ എ.ജെ. വിജയൻ ചൂണ്ടിക്കാണിച്ചിരുന്നു. 38 മത്സ്യത്തൊഴിലാളികളാണ് ഒരു വർഷത്തിനിടയിൽ ഇവിടെ മരണപ്പെട്ടത്.

കടൽഭിത്തി നിർമ്മിച്ച് തീരത്ത് നിന്നും 265 മീറ്റർ ഉള്ളിലേക്ക് മാറിയാണ് വാർഫ് നിർമ്മാണം നടക്കേണ്ടിയിരുന്നത്. എന്നാൽ 2018ലെ കാലവർഷത്തിൽ കടൽ 155 മീറ്റർ ശക്തമായി കയറിയതിനെ തുടർന്ന് തീരത്ത് നിന്നും കൂടുതൽ സ്ഥലം വളച്ചുകെട്ടിയാണ് നിലവിൽ നിർമ്മാണപ്രവർത്തനങ്ങൾ നടക്കുന്നത്. അവിടെ എന്താണ് നടക്കുന്നതെന്ന് പരിശോധിക്കാൻ പ്രദേശവാസികൾക്ക് പോലും അനുമതിയില്ല. നിലവിൽ ഹൈക്കോടതിയിൽ നിന്നും സ്റ്റേ ലഭിച്ചതിനെ തുടർന്ന് വാർഫിന്റെ നിർമ്മാണം നിർത്തിവച്ചിരിക്കുകയാണ്. എന്നാൽ ഈ സ്റ്റേയുടെ ഉദ്ദേശശുദ്ധിയെ നാട്ടുകാർ ചോദ്യം ചെയ്യുന്നുണ്ട്. ആ നാട്ടുകാരനല്ലാത്തതും പ്രദേശവാസികളുമായി ഒരു ബന്ധവുമില്ലാത്തതുമായി ഒരാളാണ് ഹൈക്കോടതിയെ സമീപിച്ച് സ്റ്റേ നേടിയതെന്നും പാറകൾ ലഭിക്കാത്തതിനാൽ മെല്ലെപ്പോക്കിന് വേണ്ടി അദാനി തന്നെ നേടിയെടുത്ത സ്റ്റേ ആണിതെന്നും ഈ പ്രശ്നത്തിൽ ഇടപെടുന്ന മുതലപ്പൊഴിയിലെ മത്സ്യവ്യാപാരി ഷാജഹാൻ പറയുന്നു. മുതലപ്പൊഴി ഹാർബറുമായി ബന്ധപ്പെട്ട നിരവധി പ്രശ്നങ്ങൾ സമഗ്രമായി പഠിക്കാതെയാണ് തീരം അദാനിക്ക് കൈമാറിയതെന്നും ഇപ്പോഴും മത്സ്യത്തൊഴിലാളികൾ അപകടത്തിൽപ്പെട്ട് മരിക്കുന്ന സാഹചര്യത്തിൽ അദാനിക്ക് തീരം കൈമാറിയ നടപടി പുനപരിശോധിക്കണമെന്നുമാണ് നാട്ടുകാരുടെ ആവശ്യം. ■